പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3436 29.01.2014 - ൽ മറുപടിക്കുണ്ടായിരുന്നത്

## ശരണാലയങ്ങളിലെ അരക്ഷിതാവസ്ഥയും നിയമ വിരുദ്ധ പ്രവർത്തനങ്ങളും

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) നിലവിൽ സംസ്ഥാനത്ത് ശിശു/മാതാവ്/ വൃദ്ധ ജനങ്ങൾ/ മറ്റ് അശരണർ എന്നിവരെ സംരക്ഷിക്കാനായി രജിസ്റ്റർ ചെയ്യപ്പെട്ട എത്ര സ്ഥാപനങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ)

| Sl.No. | District | Orphanage | Old age Home | Women in distress | Differently abled |
|---|---|---|---|---|---|
| 1 | Thiruvananthapuram | 99 | 45 | 2 | 13 |
| 2 | Kollam | 53 | 17 | 1 | 7 |
| 3 | Pathanamthitta | 43 | 25 | 1 | 10 |
| 4 | Alappuzha | 39 | 25 | 3 | 11 |
| 5 | Kottayam | 105 | 81 | 2 | 36 |
| 6 | Idukki | 65 | 27 | 1 | 15 |
| 7 | Ernakulam | 168 | 112 | 12 | 32 |
| 8 | Thrissur | 128 | 71 | 6 | 33 |
| 9 | Palakkad | 96 | 22 | | 11 |
| 10 | Malappuram | 107 | 6 | | |
| 11 | Kozhikkode | 72 | 20 | 2 | 4 |
| 12 | Wayanad | 45 | 20 | 1 | 7 |
| 13 | Kannur | 83 | 38 | 2 | 13 |
| 14 | Kasargod | 38 | 9 | | 1 |
| | **Total** | **1141** | **518** | **33** | **193** |

(ബി) ഈ സ്ഥാപനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുയെന്നും എന്തെല്ലാം വിദേശ സഹായങ്ങൾ ലഭിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ബി) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽപ്പെട്ട ഇത്തരം സ്ഥാപനങ്ങൾക്ക് പ്രതിമാസം 700/- രൂപ നിരക്കിൽ അന്തേവാസി ഒന്നിന് സർക്കാർ ഗ്രാന്റ് നൽകുന്നു. കൂടാതെ ബി പി എൽ നിരക്കിൽ അരി, പഞ്ചസാര, ഗോതമ്പ് എന്നിവയും ഗാർഹിക നിരക്കിൽ വെള്ളവും, വൈദ്യുതിയും, സബ്സിഡി നിരക്കിൽ 9 എൽ.പി.ജി യും നൽകി വരുന്നു. കൂടാതെ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രതിമാസം സൗജന്യ ആരോഗ്യ

| | | | |
|---|---|---|---|
| | പ്രസ്തുത സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | | പരിശോധന നടത്തുന്നതിനും ഉത്തരവ് ഉണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും വർഷംതോറും പരിശോധിച്ചതിനു ശേഷമാണ് ഗ്രാന്റ് നൽകി വരുന്നത്. കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടി ലഭിക്കുന്ന വിദേശ സഹായവും കൂടി പരിഗണിച്ചാണ് ഗ്രാന്റിന് അർഹത നിർണ്ണയിക്കുന്നത്. |
| (സി) | ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വൃദ്ധജനപീഡനം, സ്ത്രീപീഡനം, കുട്ടികളുടെ മേലുള്ള മറ്റ് അപകടകരമായ പ്രവർത്തികൾ, പണാപഹരണം എന്നിവ സംബന്ധിച്ച് ഈ സർക്കാർ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | 31/01/2013 ൽ കേരള പോലീസ് ചീഫ്, സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 2011 മുതൽ ഓർഫനേജുകളിലെ കുട്ടികൾക്കെതിരെയുള്ള 5 ലൈംഗിക പീഡന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു.<br>പാലക്കാട് - 4 കേസുകൾ<br>കണ്ണൂർ - 1 കേസ് |
| (ഡി) | പ്രസ്തുത ആതുരാലയങ്ങളുടെ മറവിൽ നടക്കുന്ന ആനാശാസ്യ പ്രവർത്തനങ്ങൾ തടയാനും അന്തേവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും അടിയന്തിര നിയമനിർമ്മാണം നടത്തുമോ; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | അനാഥാലയങ്ങളുടേയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടേയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും അതാത് ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ച് വരുന്നു. അനാഥാലയങ്ങളേയും മറ്റ് ധർമ്മ സ്ഥാപനങ്ങളേയും സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ എല്ലാ മാസവും ഓർഫനേജ് കൺട്രോൾ ബോർഡ് യോഗം ചേർന്ന് വിലയിരുത്തുകയും ആവശ്യമായ നിയമനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷിതത്വവും സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയുടെ 01/03/2013 -ലെ Crl, AS 1951 & 2196/09-ാം നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വിശദമായ സർക്കുലർ 08.05.2013-ലെ OCB 2/1/13-ാം നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ട സാമൂഹ്യനീതി ഓഫീസർ മുഖേന എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 10/05/2013 ലെ WP(C) No. 75/2012-ാം നമ്പർ ഉത്തരവ് പ്രകാരം അനാഥാലയങ്ങളിലെ കുഞ്ഞുങ്ങളുടെ പ്രവേശനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 26.10.2013 ലെ OCB 1/17257/13-ാം നമ്പർ സർക്കുലർ പ്രകാരം എല്ലാ സ്ഥാപനങ്ങളേയും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം രജിസ്റ്റർ ചെയ്യപ്പെട്ട, ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഇ) | **01/05/2011 മുതൽ 04/12/2013 വരെ അംഗീകാരം നൽകിയ സ്ഥാപനങ്ങൾ** |

| ക്രമ നമ്പർ | ജില്ല | ശിശുമന്ദിരം | സ്ത്രീഭവനം | വൃദ്ധമന്ദിരം | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 20 | 2 | 10 | 7 |
| 2 | കൊല്ലം | 7 | 1 | 3 | 1 |
| 3 | പത്തനംതിട്ട | 9 | 0 | 5 | 6 |
| 4 | ആലപ്പുഴ | 2 | 1 | 4 | 5 |
| 5 | കോട്ടയം | 5 | 3 | 7 | 15 |
| 6 | ഇടുക്കി | 10 | 2 | 4 | 7 |
| 7 | എറണാകുളം | 33 | 10 | 20 | 11 |
| 8 | തൃശ്ശൂർ | 24 | 7 | 23 | 17 |
| 9 | പാലക്കാട് | 13 | - | 10 | 6 |
| 10 | മലപ്പുറം | 12 | - | 4 | 3 |
| 11 | കോഴിക്കോട് | 13 | 2 | 8 | - |
| 12 | വയനാട് | 5 | 2 | 4 | 2 |
| 13 | കണ്ണൂർ | 10 | 3 | 7 | 6 |
| 14 | കാസർഗോഡ് | 6 | - | 2 | 1 |
| | **Total** | **169** | **33** | **111** | **87** |

സെക്ഷൻ ഓഫീസർ